(ബി) കേരളോത്സവവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സുഗമമായി നടത്തുവാനായി യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന 10,000 രൂപ ധനസഹായം ജില്ലാ യുവജനകേന്ദ്രം മുഖേന എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഇതിനായി പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രാഥമികതലം മുതൽ വഞ്ചിപ്പാട്ട് മത്സരവും സംസ്ഥാന ജില്ലാ തലത്തിൽ പഞ്ചഗുസ്തി, ഹാൻഡ് ബാൾ, സോഫ്റ്റ് ബാൾ എന്നീ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിന്റെ ഭാഗമായി എല്ലാ തലങ്ങളിലും വിപുലമായ സംഘാടക സമിതികൾ രൂപീകരിച്ച് യൂത്ത് കോ-ഓഡിനേറ്റർമാർ മുഖേനയും ജില്ലാ യുവജനകേന്ദ്രം മുഖേനയും പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളോത്സവ മത്സര വിജയികൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും താഴെപ്പറയും വിധം പ്രൈസ് മണി നൽകിവരുന്നു.

	ജില്ലാതലം	സംസ്ഥാനതലം
വ്യക്തിഗതം I	200	1000
വ്യക്തിഗതം II	150	750
ഗ്രൂപ്പിനം I	150	400
ഗ്രൂപ്പിനം II	100	300

ഇതുകൂടാതെ, കലാകായിക വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരാകുന്നവർക്ക് രാജീവ്ഗാന്ധി സ്മാരക ട്രോഫിയും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് എവർറോളിംഗ് ട്രോഫിയും സംസ്ഥാനതല കലാ-കായിക മത്സരങ്ങളിൽ പുരുഷ-വനിതാ ചാമ്പ്യൻമാർക്ക് പ്രത്യേകം ട്രോഫികളും ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി, വടംവലി എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സംസ്ഥാനതലത്തിൽ ട്രോഫിയും നൽകി വരുന്നു.

യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

22 (*22) ശ്രീ. എ. എം. യൂസഫ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) യൂത്ത് സെന്ററുകളുടെ ചുമതലകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യൂത്ത് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) യൂത്ത് സെന്ററുകളുടെ നേതൃത്വത്തിൽ യുവകർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ എല്ലാ പഞ്ചായത്തുകളിലും പൂർത്തിയായിട്ടുണ്ടോ ;

(ഇ) കാർഷിക രംഗത്ത് യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ;

(എഫ്) പഞ്ചായത്തുതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) :

(എ) യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. കേരളത്തിന്റെ വികസന പ്രക്രിയയിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ദുരന്തനിവാരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും യുവശക്തി പദ്ധതി ലക്ഷ്യമിടുന്നു.

2. ഉത്പ്പാദന മേഖലയിൽ ഉൾപ്പെടെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും യുവജനങ്ങളേയും യുവജനക്ലബ്ബുകളേയും പ്രോത്സാഹിപ്പിക്കുക.

3. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക.

4. സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക.

5. യുവാക്കളിൽ സാംസ്ക്കാരിക ബോധം, ചരിത്രപഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം, ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) പഞ്ചായത്തുതലത്തിൽ യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും സർക്കാർ യുവജനക്ഷേമ പദ്ധതികൾ താഴെത്തട്ടിൽ എത്തിക്കുന്നതിനും യൂത്ത് സെന്ററുകൾ നേതൃത്വം നൽകുന്നു. യൂത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളും പ്രസ്തുത കമ്മിറ്റി നിശ്ചയിക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനു പുറമേ, ഉപദേശക സമിതികളും നിലവിലുണ്ട്. കൂടാതെ, നിലവിലുള്ള യൂത്ത് സെന്ററുകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് സെന്ററുകളെ മോഡൽ യൂത്ത് സെന്ററുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഒരു ബ്ലോക്കിൽ ഒന്ന് വീതം യുവജനകാർഷിക ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ മുഖേന കാർഷിക ബോധവത്ക്കരണ പദ്ധതികൾ കൂൺകൃഷി പരിശീലനം, കാർഷിക ശില്പശാല, ജൈവ പച്ചക്കറി കൃഷി പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(എഫ്) നിലവിൽ യൂത്ത് കോ- ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

ഭക്ഷ്യസുരക്ഷയ്ക്കും മൃഗസംരക്ഷണത്തിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

23 (*23) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷയ്ക്കും മൃഗസംരക്ഷണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുവാദവും ഫണ്ടും ആവശ്യപ്പെട്ടത് ;

(സി) ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ഡി) കേന്ദ്രാനുമതി ലഭിച്ച ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് സംസ്ഥാനം ഏതെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻകടകളിലൂടെ അരിക്കും ഗോതമ്പിനും പുറമേ മറ്റുഅവശ്യ വസ്തുക്കൾകൂടി ലഭ്യമാക്കുന്ന തിനായി 354 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി സംസ്ഥാന/സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കും സഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 25% കേന്ദ്ര വിഹിതമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ മൃഗസംരക്ഷണവകുപ്പ് താഴെ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly